പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *559** **07.07.2014 ലെ മറുപടിയ്ക്ക്**

**ഭക്ഷ്യക്കമ്മിയും ഭക്ഷ്യവിളകളുടെ ഉൽപാദനത്തിലുള്ള വർദ്ധനവും**


ചോദ്യം

ശ്രീ. സി.കെ.സദാശിവൻ
ഡോ. ടി.എം.തോമസ് ഐസക്
ശ്രീ.എം.ഹംസ
ശ്രീ.ജെയിംസ് മാത്യു

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)


**(എ)** ഭക്ഷ്യവിളകളുടെ ഉല്പാദനത്തിന്റെ തോത് കുറയുകയാണോ കൂട്ടുകയാണോയെന്ന് വസ്തുതകളുടെയടിസ്ഥാനത്തിൽ അവലോകനം നടത്തിയിട്ടുണ്ടോ;

**(എ)** ഉണ്ട്.

**(ബി)** കൃഷി വകുപ്പിന്റെ ഏറ്റവും ഒടുവിലത്തെ അവലോകനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

**(ബി)** കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ. നെൽകൃഷി

നെൽകൃഷിയുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൃഷി വകുപ്പ് എല്ലാ വർഷവും അവലോകനം നടത്തി ഏറ്റകുറച്ചിലുകൾ മനസ്സിലാക്കി അതനുസരിച്ച് വരും വർഷങ്ങളിൽ ന്യൂനതകൾ പരിഹരിച്ച് കൃഷി നടപ്പിലാക്കാറുണ്ട്. എന്നാൽ നെൽ വയലുകൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാൽ നെല്ലിന്റെ ആകെ വിസ്തീർണ്ണം വർഷം തോറും കുറഞ്ഞുവരുന്ന സാഹചര്യത്തിൽ ഉൽപ്പാദനത്തിന്റെ തോതും കുറഞ്ഞുവരും. എന്നാൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കത്തക്ക തരത്തിലുള്ള വിവിധതരം നെൽകൃഷി വികസന പദ്ധതികൾ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ഉൽപ്പാദനക്ഷമതയിൽ വർദ്ധനവ് ഉണ്ടാക്കുന്നതിനും സാധിക്കുന്നുണ്ട്. എന്നാൽ ചില വർഷങ്ങളിൽ അപ്രതീക്ഷിതമായ പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്നത് മൂലം ഉൽപ്പാദന ക്ഷമതയിൽ കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടത്തിയ അവലോകനം 2013-14 ലാണ്.

2011-2012 വർഷം നെൽവയലിന്റെ വിസ്തീർണ്ണം 208160 ഹെക്ടർ ആയിരുന്നത് 2012-2013 ആയപ്പോൾ 197277 ഹെക്ടർ ആയി കുറയുകയുണ്ടായി 2013-2014 ആയപ്പോൾ വിസ്തീർണ്ണം 199611 ഹെക്ടർ ആയി. ഉൽപ്പാദനം 2011-2012 ൽ 568993 ടൺ എന്നുള്ളത് 2012-2013 ആയപ്പോൾ 508299 ടൺ ആവുകയുംചെയ്തു. 2013-2014 ലെ ഉൽപ്പാദനത്തിന്റെ കണക്ക് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും പ്രസ്തുത വർഷം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചതിന്റെ അടിസ്ഥാനത്തിൽ നെല്ലിന്റെ ഉല്പാദനക്ഷമത ശരാശരി 4 ടൺ ആണെന്ന് അറിയിച്ചിട്ടുണ്ട്.

ബി. പച്ചക്കറി കൃഷി

കഴിഞ്ഞ 3 വർഷങ്ങളിൽ പച്ചക്കറി കൃഷി ചെയ്തതിന്റെ വിശദവിവരങ്ങൾ, ഫീൽഡുതല അവലോകനം നടത്തിയതും, സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം പ്രസിദ്ധീകരിച്ചതും രേഖപ്പെടുത്തിയിട്ടുണ്ട്. ഉല്പാദനത്തിന്റെ വിവരങ്ങൾ സമാഹരിക്കുന്നതും പ്രസിദ്ധീകരിക്കുന്നതും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗമാണ്. 2011–12 വരെയുള്ള സ്ഥിതി വിവരക്കണക്കാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതിൽ പച്ചക്കറിയുടെ കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം ലഭ്യമാണെങ്കിലും ഉല്പാദനം ലഭ്യമല്ല. വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് പച്ചക്കറി കൃഷിസ്ഥല വിസ്തീർണ്ണം 2011–12 കാലയളവിൽ 42477 ഹെക്ടറായിരുന്നത് 2012–13 ൽ 54820 ഹെക്ടറും, 2013-14 ൽ 75320 ഹെക്ടറായും ഉയർന്നു. ഉല്പാദനം പരിശോധിക്കുകയാണെങ്കിൽ 2011–12 കാലയളവിൽ 8.25 ലക്ഷം ടൺ ഉണ്ടായിരുന്നത് 2012-13 ൽ 9.11 ലക്ഷം ടണ്ണായും 2013-14 ൽ 11.91 ലക്ഷം മെട്രിക് ടണ്ണായും ഉയർന്നു. ഇതിൽ നിന്നും പച്ചക്കറിയുടെ ഉല്പാദനത്തിന്റെ തോത് കൂടുകയാണെന്നു മനസ്സിലാക്കാം.

**(സി)** ഭക്ഷ്യവിളകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ഭൗതിക നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കാമോ?

**(സി)** ഭക്ഷ്യ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും കൂട്ടുന്നതിന്റെ ഭാഗമായി പല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

എ. നെൽകൃഷി

നെൽകൃഷി വികസനത്തിനായി 2011-12 ,2012-2013,2013-2014 ൽ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു. സംസ്ഥാന ഭക്ഷ്യ സുരക്ഷാപദ്ധതി, സുസ്ഥിര നെൽകൃഷി വികസനം, മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷിവികസന പദ്ധതി, രാഷ്ട്രീയകൃഷി വികാസ് യോജന പദ്ധതി, രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി, നെല്ല് സംഭരണം, ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി, നെൽകൃഷിക്കുള്ള ഉൽപ്പാദനബോണസ്, കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി , സംസ്ഥാന ഭക്ഷ്യസുരക്ഷ പദ്ധതി പ്രകാരം കരനെൽ കൃഷി,വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി, പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ പദ്ധതി, സുഗന്ധനെല്ലിന്റെ വികസന പദ്ധതി, കാർഷിക യന്ത്ര വൽക്കരണം എന്നിവയും,സുസ്ഥിര നെൽകൃഷിവികസന പദ്ധതിപ്രകാരം ഗ്രൂപ്പ് ഫാമിംഗ്, തരിശു നിലകൃഷി, നെൽകൃഷിയ്ക്ക് ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൻസ്ട്രേഷൻ, ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണവും നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള മിനി കിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ

ങ്ങൾവർദ്ധിപ്പിച്ച് കൃഷി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുക യുണ്ടായി. കർഷകർക്ക് പൂരക വരുമാന സ്രോതസുകൾ പ്രോൽസാഹിപ്പിക്കുവാൻ സഹായംനൽകുന്ന പദ്ധതി. നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽ വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം എന്നിവയാണ് പദ്ധതികൾ. 2014-2015 വർഷത്തേക്കായി സമഗ്ര നെൽകൃഷിവികസന-പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) 180000 ഹെക്ടറിലേക്ക് 2700 ലക്ഷം രൂപയും നെൽ കൃഷി വികസന ഏജൻസികൾക്കുള്ള ധന സഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി നടപ്പിലാക്കി വരുന്നു.

ബി. പച്ചക്കറി കൃഷി

പച്ചക്കറിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും കൂട്ടുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച ഒരു പ്രധാന പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. 2012-13 മുതൽ വളരെ കാര്യക്ഷമമായ രീതിയിൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. താഴെ പറയുന്ന പദ്ധതി ഘടകങ്ങളാണ് പദ്ധതിയിൻ കീഴിൽ നടപ്പാക്കി വരുന്നത്:

1. വീട്ടുവളപ്പിലെ കൃഷി : സംസ്ഥാനത്തെ 50 ലക്ഷം വിദ്യാർത്ഥികൾ, 5 ലക്ഷം വീട്ടമ്മമാർ എന്നിവർ വഴി സൗജന്യമായി 20/- രൂപ വിലയുള്ള പച്ചക്കറി വിത്തു കിറ്റുകൾ നല്കി വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നു.
2. മട്ടുപ്പാവിലെ കൃഷി : നഗര/നഗര പ്രാന്ത പ്രദേശങ്ങളിലെ മട്ടുപ്പാവിലെ കൃഷിക്കായി 2000/- രൂപ വിലയുള്ള 25 ഗ്രോബാഗുകളടങ്ങുന്ന യൂണിറ്റ് 500 രൂപക്ക് സബ്സിഡി നിരക്കിൽ കർഷനു നല്കുന്നു.
3. ജില്ലാ ക്ലസ്റ്റർ വികസനം : 5 ഹെക്ടർ വിസ്തീർണ്ണം വരുന്ന കൃഷി സ്ഥലത്ത് ക്ലസ്റ്ററടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനു ക്ലസ്റ്ററിനു 75000/- രൂപ നിരക്കിൽ സഹായധനം നല്കുന്നു. കൂടാതെ പമ്പ്സെറ്റ്, സസ്യസംരക്ഷണോപാധികൾ എന്നിവക്കും സഹായ ധനം നല്കുന്നു.
4. തരിശു നില കൃഷി : ലഭ്യമായ തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഭൂവുടമയ്ക്കും കരാറുകാരനും കൂടി ഹെക്ടറിനു 30000/-രൂപ സഹായധനം നൽകുന്നു.
5. വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി : ചുരുങ്ങിയതു 10 സെന്റെങ്കിലും സ്ഥലമുള്ള വിദ്യാലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും അനുബന്ധ ചിലവുകൾക്കുമായി മൊത്തം 5000/- രൂപ സഹായധനം നൽകുന്നു.
6. സ്ഥാപനങ്ങളിൽ കൃഷി: സ്വകാര്യ/പൊതു സ്ഥാപന ങ്ങളിൽ പ്രോജക്ടടിസ്ഥാനത്തിൽ പച്ചക്കറി കൃഷി

ചെയ്യുന്നതിനായി 2 ലക്ഷം രൂപ വരെ സഹായധനം നൽകുന്നു.

7. ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾ / നഴ്സറികൾ: ക്ലസ്റ്ററുകളുടെ പ്രവർത്തനക്ഷമതയും, വിപണനവും കാര്യക്ഷമമാക്കുന്നതിനായി ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികൾക്ക് രൂപം കൊടുക്കുന്നു. ഇതിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബ്ലോക്ക് തലത്തിൽ തൈകൾ ഉല്പാദിപ്പിക്കുന്നതിനുള്ള നഴ്സറികൾക്കും സഹായധനം നൽകുന്നു.
8. 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം: കാര്യക്ഷമമായി പ്രവർത്തിക്കുന്ന 100 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ആദ്യ വർഷം 6.3 ലക്ഷം രൂപയും രണ്ടാം വർഷം 2 ലക്ഷം രൂപയും സഹായധനം നല്കുന്നു.
9. പയർ-കിഴങ്ങു വിള വികസനം : പയറു-കിഴങ്ങു വിള വികസനത്തിന് കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടെ പ്രത്യേക പദ്ധതികൾ കർഷകർക്കായി നടപ്പാക്കുന്നു.
10. സൂക്ഷ്മ മൂലകങ്ങളുടെ പ്രയോഗം : പച്ചക്കറി കൃഷിയിൽ സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗത്തിനായുള്ള പ്രത്യേക പദ്ധതി എറണാകുളം കൃഷി വിജ്ഞാൻ കേന്ദ്രത്തിന്റെ സഹായത്തോടെ നടപ്പാക്കുന്നു.

മേൽ പ്രസ്താവിച്ച പദ്ധതി ഘടകങ്ങൾ വഴി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ (വിദ്യാർത്ഥികൾ, വീട്ടമ്മമാർ, വിദ്യാലയങ്ങൾ, സ്വാകര്യ/പൊതുസ്ഥാപനങ്ങൾ നഗരവാസികൾ) പച്ചക്കറി കൃഷിയിൻ കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞു എന്നതാണ് പദ്ധതിയുടെ പ്രധാന നേട്ടം. കൂടാതെ വിഷവിമുക്തമായ പച്ചക്കറി നമ്മുടെ നാട്ടിൽത്തന്നെ ഉല്പാദിപ്പിക്കുവാനുള്ള പ്രചോദനവും സമൂഹത്തിന് നല്കുവാൻ കഴിഞ്ഞു.

സെക്ഷൻ ഓഫീസർ